## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4793   27.10.2016 – ൽ മറുപടിക്ക്**

# വടക്കഞ്ചേരി - മണ്ണുത്തി റോഡ് വികസനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. ബാബു :** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) വടക്കഞ്ചേരി-മണ്ണുത്തി റോഡ് വികസനം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (എ) റോഡ് വികസനം സംബന്ധിച്ച് പരിശോധന നടത്താനായി സ്വതന്ത്ര ഏജൻസിയായ M/s ഇന്റർകോൺടിനന്റൽ കൺസൾ-ട്ടന്റ്സ് ആന്റ് ടെക്നോളജീസ് ലിമിറ്റഡ്, ന്യൂഡൽഹിയെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ നിയമിച്ചിട്ടുണ്ട്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ സാങ്കേതിക വിദഗ്ദ്ധർ ഈ പദ്ധതി സംബന്ധിച്ച് പരിശോധന നടത്തി വരികയാണ്. |
| (ബി) പ്രസ്തുത റോഡിന്റെ പണി എന്നാണ് ആരംഭിച്ചത് എന്നും, ഈ പ്രവൃത്തി എന്ന് അവസാനിക്കുമെന്നും വിശദ-മാക്കുമോ ; | (ബി) 24.08.2009 – ലാണ് കൺസഷൻ എഗ്രിമെന്റ് വെച്ചത്. എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി 06.04.2013 ആയിരുന്നു. 20.04.2010 മുതൽ 04.11.2011 വരെ ഭൂമി ഏറ്റെടുക്കൽ നിരോധിച്ചിരുന്നതിനാൽ പ്രവൃത്തി നിർത്തി വച്ചിരുന്നു. ആറുവരി-യാക്കുന്നതിനുള്ള സ്ഥലമെടുപ്പിന് ആക്ഷൻ കൗൺസിൽ അംഗങ്ങൾ |

അനുവദിക്കാത്തതിനാൽ പ്രവൃത്തി തടസ്സപ്പെട്ടുകയും, ഭൂമി ഏറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കാരണം വായ്പാ സൗകര്യം നിഷേധിച്ചതിനാൽ കൺസൾട്ടൻസിയുടെ പ്രവൃത്തി തുടങ്ങാനും കഴിഞ്ഞില്ല. പ്രവൃത്തി അവസാനിക്കുന്ന തീയതി 31.03.2017 വരെ പുനർനിശ്ചയിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | നിർമ്മാണം പൂർത്തിയാകുന്നതുവരെ നിലവിലുള്ള റോഡ് അറ്റകുറ്റപ്പണി നടത്തി ഗതാഗത യോഗ്യമാക്കി നിലനിർത്താനാവശ്യമായ നടപടി സ്വീകരിക്കുമോ ? | (സി) | നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ